**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകളിൽ വിവിധ കോഴ്സുകൾക്കുള്ള സർട്ടിഫിക്കറ്റിനായി 31 .12 .2021 വരെ ലഭിച്ച അപേക്ഷകളിൽ ഇനിയും എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുണ്ടെന്ന വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | കേരള സർവ്വകലശാലയിൽ 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകൾ സഹിതം സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകൾ 31.12.2021 വരെ ലഭിച്ച അപേക്ഷകൾ പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യതിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾക്കായി 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ അപേക്ഷകർ ന്യൂനതകൾ ഇനിയും പരിഹരിക്കാത്ത 6625 അപേക്ഷകളുണ്ട്. നിലവിൽ പ്രോസസിങ്ങിന്റെ വിവിധ ഘട്ടങ്ങളിലുള്ള 6883 സർട്ടിഫിക്കറ്റുകൾ മാത്രമാണ് ഇനി വിതരണം ചെയ്യാനുള്ളത്. എ.പി.ജെ അബ്ദുൾ കലാം ടെക്നോള ജിക്കൽ യൂണിവേഴ്സിറ്റിൽ ബി.ടെക്/ ബി.ആർക്ക് ബിരുദ കോഴ്സുകളുടെ സർട്ടിഫിക്കറ്റിനായി 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ 17 എണ്ണം വിവിധ കാരണങ്ങളാൽ വിതരണം ചെയ്യാനുണ്ട്. ബിരുദാനന്തര ബിരുദം വിജയിച്ച വിദ്യാർത്ഥികൾക്ക് 31.12.2021 വരെ ലഭിച്ച എല്ലാ പൂർണമായ അപേക്ഷകളുടെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 37 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിനായി വിവിധ സർവ്വകലാശാലകൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലേക്കായി ഡിജിറ്റൽ സൗകര്യം/ഓർഡിനറി, അടിയന്തിരം, ഫാസ്റ്റ് ട്രാക്, |

| | | | |
|---|---|---|---|
| | | | എക്സ്‌പ്രസ്സ് എന്നീ രീതികൾ വിവിധ സർവ്വകലാശാലകൾ പിന്തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ